**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2670

19.7.2011 ൽ
മറുപടിയ്ക്ക്

## ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം പ്രകാരം ലഭിച്ച ഗോതമ്പ് മറിച്ചുവിറ്റ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ ; | ശ്രീ. റ്റി.എം. ജേക്കബ്<br>(ബഹു. ഭക്ഷ്യവും സിവിൽ സപ്ളൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം പ്രകാരം കേന്ദ്രം സംസ്ഥാനത്തിനു നൽകിയ ഗോതമ്പ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മറിച്ച് വിറ്റതായി സി.ആന്റ് എ.ജി കണ്ടെത്തിയിട്ടുണ്ടോ ; | എ) യും ബി) യും<br>ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം പ്രകാരം കേന്ദ്രം സംസ്ഥാനത്തിനു നൽകിയ ഗോതമ്പ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മറിച്ച് വിറ്റതായി സി.ആന്റ് എ.ജി കണ്ടെത്തിയിട്ടില്ല. |
| ബി) പ്രസ്തുത നടപടി ക്രമാനുസൃതമാണോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ; | |
| സി) ഇപ്രകാരം ഗോതമ്പ് മറിച്ചു വിറ്റപ്പോൾ അതിൽ നിന്നുണ്ടാകുന്ന മാവ് നിർദ്ദിഷ്ട വിലയ്ക്ക് സംസ്ഥാനത്തു തന്നെ വിൽക്കണമെന്ന് കരാറുണ്ടാക്കിയിരുന്നോ; | സി) ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നും ഗോതമ്പ് ലഭിക്കുന്ന വിലയേക്കാൾ കിലോഗ്രാമിന് 2 രൂപയിൽ അധികരിക്കാത്ത നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകണമെന്നും ഇതിനു പുറമെ യഥാർത്ഥ മൂല്യവർദ്ധിത ചെലവു കൂടി ചേർക്കാവുന്നതാണെന്നും നിർദ്ദേശം മില്ലുകൾക്ക് നൽകിയിരുന്നു. |
| ഡി) കരാർ വ്യവസ്ഥ പ്രകാരമാണോ ഗോതമ്പ്/ മാവ് വിറ്റതെന്ന് ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടാക്കിയിരുന്നുവെന്ന് വ്യക്തമാക്കാമോ ? | ഡി) ഈ പദ്ധതി പ്രകാരം ഗോതമ്പ് സപ്ളൈകോയിൽ നിന്നു വാങ്ങിയ മില്ലുകാരോടും വ്യാപാരികളോടും ഗോതമ്പിന്റെയും ഗോതമ്പുല്പന്നങ്ങളുടെയും വിൽപ്പന, ഉപഭോഗം, നീക്കിയിരിപ്പ് എന്നിവ കാണിക്കുന്ന ആഴ്ചതോറുമുള്ള സ്റ്റേറ്റ്മെന്റ് ഡയറക്ടർ ഓഫ് സിവിൽ സപ്ളൈസിന് നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ